

ഫെബ്രുവരി 2025

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

മാരാമൺ കൺവൻഷന്റെ 130-ാം സമ്മേളനം ഫെബ്രുവരി 9 മുതൽ 16 വരെ മാരാമൺ മണൽപ്പുറത്തു നടക്കുകയാണല്ലോ. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം അതിന്റെ ക്രമീകരണങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ഈ വർഷത്തെ കൺവൻഷനിൽ അഖില ലോക സഭാ കൗൺസിലിന്റെ ജനറൽ സെക്രട്ടറി റവ. പ്രൊഫ. ഡോ. ജെറി പിള്ള, കൊളംബിയ തിയോളോജിക്കൽ സെമിനാരിയിലെ റവ. ഡോ. വിക്ടർ അലോയോ, ഡോ. രാജ്കുമാർ രാംചന്ദ്രൻ (ന്യൂഡൽഹി) എന്നിവരെ കൂടാതെ നമ്മുടെ തിരുമേനിമാരും ഇതര സഭകളിലെ മേൽപട്ടക്കാരും പ്രസംഗിക്കുന്നതാണ്. കൺവൻഷന്റെ അനുഗ്രഹപ്രദമായ കൂടിവരവിന് ഏവരുടെയും പ്രാർത്ഥന പ്രത്യേകം ക്ഷണിക്കുന്നു. മാരാമൺ കൺവൻഷനിലെഅച്ചടക്കം അഭംഗുരം നിലനിർത്തുവാൻ ഏവരും ശ്രമിക്കണം. പന്തലും പരിസരവും വിശുദ്ധമാണെന്ന ചിന്ത നമുക്ക് നഷ്ടമാകരുത്. യോഗങ്ങളുടെ ഇടവേളകൾ പ്രാർത്ഥനയ്ക്കും ആത്മീയ അനുഭവങ്ങൾ പങ്ക് വെയ്ക്കുന്നതിനും ആളാംപ്രതി സുവിശേഷ വേലയ്ക്കുമായി പ്രയോജനപ്പെടുത്തണം. കടവിൽ മാളിക മുറിയിലെ പ്രാർത്ഥനയിലൂടെ രൂപപ്പെട്ട സുവിശേഷ പ്രസംഗസംഘവും അതിന്റെ തുടർച്ചയായ വേദപുസ്തക പഠനവും ധ്യാനങ്ങളും സാധാരണക്കാർക്കു സമ്മാനിച്ച കൂട്ടായ്മയുടെ ഒരു വേദിയാണ് മാരാമൺ കൺവൻഷൻ. കൺവൻഷന്റെ ചരിത്രം മാർത്തോമ്മാ സഭയുടെ രൂപപ്പെടലിന്റെയും ദൗത്യ രൂപീകരണത്തിന്റെയും ചരിത്രം കൂടിയാണെന്നുള്ളത് വിസ്മരിക്കുവാനാവില്ല. വലിയ നോമ്പാരംഭിക്കുന്നതിന് മുൻപുള്ള അനുതാപത്തിന്റെ വേദിയായി ഈ കൺവൻഷൻ മാറട്ടെയെന്നു പ്രാർത്ഥിക്കുന്നു.

യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്കയുടെ 47-ാമത് പ്രസിഡന്റ് ആയി ഡൊണാൾഡ് ട്രംപ് അധികാരം ഏറ്റെടുത്തല്ലോ. അഭിനന്ദനങ്ങൾ അറിയിക്കുന്നു. ലോകത്തിലെ ഏറ്റവും പ്രബല സാമ്പത്തിക, സൈനിക ശക്തിയുടെ തലവൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ നയപരമായ തീരുമാനങ്ങൾക്കായി ലോകം കാതോർക്കുന്നു. തീവ്ര ദേശീയവാദത്തിലും യാഥാസ്ഥികതയിലും വേരിട്ടതാണ് ട്രംപിന്റെ നയങ്ങൾ എന്ന് സ്ഥാപിക്കുന്ന ചില തീരുമാനങ്ങൾ അധികാരം ഏറ്റെടുത്ത ശേഷം അദ്ദേഹം നടത്തി. ലോകാരോഗ്യ സംഘടന, പാരീസ് കാലാവസ്ഥ കരാർ എന്നിവയിൽ നിന്നുള്ള അമേരിക്കയുടെ പിന്മാറ്റം ഏറെ ചർച്ചയായിക്കഴിഞ്ഞു. ഒപ്പം ട്രാൻസ്ജെൻഡറുകളുടെ അവകാശം സംരക്ഷിക്കുന്ന നിയമങ്ങൾ എടുത്തുകളയുമെന്ന പ്രഖ്യാപനവും ഉണ്ടായി. പ്രസിഡന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങുകൾക്ക് ഔദ്യോഗിക പരിസമാപ്തി കുറിക്കുന്ന ആരാധനയിൽ പ്രസംഗിച്ച എപ്പിസ്കോപ്പൽ ബിഷപ് റൈറ്റ് റവ. മരിയാൻ എഡ്ഗർ കുടിയേറ്റക്കാരോടും ലൈംഗീക ന്യൂനപക്ഷങ്ങളോടും ഭയത്തിൽ ജീവിക്കുന്ന ആളുകളോടും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളോടും കരുണയോട് പെരുമാറണമെന്ന് പുതിയ പ്രസിഡന്റിനോട് അഭ്യർഥിച്ചു. പുതിയ നയപരമായ വ്യതിയാനങ്ങൾ കാലത്തിന്റെ വെല്ലുവിളികളോടുള്ള മുഖംതിരിക്കലായി നിരീക്ഷിക്കുന്നവരും ഏറെ! എന്തായാലും ഇതിന്റെ പ്രത്യാഘാതങ്ങൾ കണ്ടറിയേണ്ടിയിരിക്കുന്നു.

പതിനഞ്ചുമാസമായി ഗാസയിൽ നടക്കുന്ന ഇസ്രയേൽ-ഹമാസ് യുദ്ധത്തിന് താത്കാലിക വിരാമമായി. ലോകം ഏറെ പ്രതീക്ഷയോടെയാണീ വാർത്ത ശ്രവിച്ചത്. ഖത്തറിന്റെയും ഈജിപ്റ്റിന്റെയും മധ്യസ്ഥതയിൽ ഹമാസ് നേതാക്കൾക്കും ഇസ്രായേൽ ഭരണകൂടത്തിനും ഇടയിൽ നടന്ന ചർച്ചയാണ് വെടിനിർത്തൽ തീരുമാനത്തിലേക്ക് എത്തിയത്. വെടിനിർത്തൽ പ്രഖ്യാപിക്കുന്നത് വരെയുള്ള കണക്കുകൾ എടുത്താൽ ഇതുവരെ മരിച്ചത് 46,707 പേർ. ഇതിൽ 12000 പേർ കുട്ടികളും 7000 പേർ സ്ത്രീകളുമാണ്. ഗാസയിൽ ആകെയുണ്ടായിരുന്ന 23 ലക്ഷം മനുഷ്യരിൽ 18 ലക്ഷത്തോളം പേരും (ഏകദേശം 90 ശതമാനം) ഇന്ന് അഭയാർഥികളായി മാറിയിരിക്കുന്നു. അവരുടെ വീടുകളെല്ലാം തകർക്കപ്പെട്ടിരിക്കുന്നു.

വെടിനിർത്തൽ പ്രാബല്യത്തിൽ വരുന്നുവെന്ന വാർത്ത പുറത്ത് വന്നപ്പോൾ തന്നെ ഗാസയിൽ ജനങ്ങൾ വലിയ ആശ്വാസത്തിലാണ്. ഇനിയെങ്കിലും വെടിയൊച്ചകളില്ലാത്ത, മുറിവുകളില്ലാത്ത, ചോര വീഴാത്ത ഒരു ഗാസ അവിടുത്തെ ജനങ്ങളും ലോക രാഷ്ട്രങ്ങളും സ്വപ്നം

കാണുന്നു. തർക്ക വിതർക്കങ്ങളും അതിന്റെ രാഷ്ട്രീയവും സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു എന്നതിന്റെ മകുടോദാഹരണമാണ് ഈ യുദ്ധം. യുദ്ധമെന്നുപോലും വിളിക്കാനാവാത്ത വെറും ആക്രമണങ്ങളുടെ ഒരു പരമ്പരയാണ് നാം ദർശിച്ചത്. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവരും പരിക്കേറ്റു മൃതപ്രായരായി ജീവിതം തള്ളിനീക്കാൻ വിധിക്കപ്പെട്ടവരും നഷ്ട പ്രതീക്ഷകളുടെ മദ്ധ്യേ പ്രതികാര ദാഹികളായി മാറുന്ന യൗവ്വനക്കാരും അനാഥരായി മാറിയ കുഞ്ഞുങ്ങളുമൊക്കെ നമ്മെ തുറിച്ചു നോക്കുന്ന ഒരു ഭൂമികയെ സൃഷ്ടിക്കുവാനല്ലാതെ എന്ത് നേട്ടമാണ് ഈ യുദ്ധം സമ്മാനിച്ചത്? റഷ്യ-യുക്രൈൻ യുദ്ധം തുടർന്നുകൊണ്ടേയിരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വംശീയ സംഘർഷങ്ങൾ അന്തമില്ലാതെ തുടരുന്നു. മണിപ്പൂർ ഒരു തീരാ മുറിവായി നമ്മുടെ മുന്നിൽ അവശേഷിക്കുന്നു. തുല്യതയും നീതിയും പ്രദാനം ചെയ്യുന്ന ഒരു സാമൂഹ്യ വ്യവസ്ഥ കെട്ടിപ്പെടുക്കാതെ ഇത്തരം സംഘട്ടങ്ങൾക്ക് അറുതി വരില്ല. സ്വത്വബോധം സൃഷ്ടിക്കുന്ന വാളുകളും കുന്തങ്ങളും, കൊഴുക്കളും വാക്കത്തികളുമാകുന്ന ഒരുകാലത്തെ സ്വപ്നം കാണുന്ന യെശയ്യാ പ്രവാചകനോട് ചേർന്ന് നമുക്കും ദൈവീക വെളിച്ചത്തിലേയ്ക്കു നടക്കാം. ശാന്തിയുടെയും സമാധാനത്തിന്റെയും പുലരികളെ സ്വപ്നം കാണാം.

ബഹിരാകാശത്തുവച്ച് രണ്ട് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഐ. എസ്. ആർ. ഒ. യുടെ സ്പേസ് ഡോക്കിങ് പരീക്ഷണം വിജയകരമായി പൂർത്തീകരിച്ചല്ലോ. അതിന്റെ പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞരെ അനുമോദിക്കുന്നു. സാങ്കേതിക വിദ്യയിലും പുതിയ പരീക്ഷണങ്ങളിലും നമ്മുടെ രാജ്യം മുന്നേറുന്നതിൽ നാം എല്ലാവരും സന്തോഷിക്കുന്നു. ലോകത്ത് സ്പേസ് ഡോക്കിങ് സാങ്കേതിക വിദ്യ സ്വന്തമാക്കുന്ന നാലാമത്തെ രാജ്യമാണ് ഇന്ത്യ. സാങ്കേതിക രംഗത്തെ വളർച്ചയോടൊപ്പം സാമൂഹ്യ രംഗത്തും നാം ഏറെ മുന്നേറണം. വിവിധ മത, ജാതി, വംശ, ഭാഷ ബോധ്യങ്ങളിൽ ജീവിക്കുന്ന ജനതയെ മാനിച്ചുകൊണ്ടുള്ള യോജിപ്പിക്കലിന്റെ പുതിയ പാഠങ്ങൾ നാം പഠിച്ചേ മതിയാകൂ. മറ്റുള്ളവരെ അംഗീകരിക്കുവാനുമുള്ള തുറവിയുടെ മനസ്സിനുടമകളായി നാം മാറണം. മത പ്രചാരണത്തിന്റെ പേരിൽ ക്രൈസ്തവ മിഷനറിമാർ ചിലയിടങ്ങളിലെങ്കിലും പീഡിപ്പിക്കപ്പെടുന്നു എന്ന വാർത്തകൾ ഏറെ ദുഖിപ്പിക്കുന്നു. മത പ്രചാരണം അടിച്ചേൽപ്പിക്കുന്ന ഒന്നല്ല എന്ന് മിഷനറിമാരും അവരവരുടെ മതം പ്രചരിപ്പിക്കാനുള്ള അവകാശം ഓരോ ഇന്ത്യൻ പൗരനുമുണ്ടെന്നുള്ള സത്യം മറ്റെല്ലാവരും മനസ്സിലാക്കിയിരുന്നെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലായിരുന്നു.

അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പരിസ്ഥിതി ദുരന്തമാണ് കാലിഫോർണിയയിൽ സംഭവിച്ചിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം മൂലം ആ സംസ്ഥാനം തുടരെത്തുടരെ കത്തി നശിക്കുകയാണ്. കാലിഫോർണിയക്ക് കാട്ടുതീ പുതുമയുള്ള കാര്യമായിരുന്നില്ല. എന്നാൽ ഈ തണുപ്പ് കാലത്ത് ലോസേഞ്ചലസിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ കാട്ടുതീ ഇതിനകം 31,000 ഏക്കർ ചാമ്പലാക്കി കഴിഞ്ഞു. കാലിഫോർണിയയുടെ അഞ്ച് ഭാഗങ്ങളിൽ തീ ആളിപ്പടരുന്നുണ്ട്. 180,000 പേരെ ഇതിനോടകം ഒഴിപ്പിക്കുകയും 27 പേർ മരിക്കുകയും ചെയ്തു. ഔദ്യോഗിക കണക്ക് ഇതാണെങ്കിലും മരണസംഖ്യയും നാശനഷ്ടങ്ങളുടെ കണക്കും ഇനിയും വർധിക്കാൻ സാധ്യതയുണ്ടെന്നാണ് റിപ്പോർട്ട്. 50 ബില്യൺ ഡോളറിന്റെ നാശനഷ്ടമാണ് ഇപ്പോൾ കണക്കാക്കുന്നത്. അമേരിക്ക കണ്ട ഏറ്റവും വലിയ കാട്ടുതീ കൂടിയാണ് കാലിഫോർണിയയിൽ പടരുന്നത്. കാലാവസ്ഥാ വ്യതിയാനം മൂലം കഴിഞ്ഞ 1200 വർഷത്തിനിടയിലെ ഏറ്റവും വരണ്ട കാലാവസ്ഥയിലൂടെയാണ് അമേരിക്കയുടെ തെക്കുപടിഞ്ഞാറൻ മേഖലകൾ കടന്നുപോകുന്നത്. പ്രകൃതിക്ക് മുന്നിൽ ലോകത്തിലെ ഏറ്റവും സമ്പന്നമായ പ്രദേശങ്ങളാകെ തീയിൽ പുകഞ്ഞ് തീരുകയാണ്. ആ പ്രദേശത്തെയും അവിടുത്തെ ജനങ്ങളെയും നമുക്ക് പ്രാർത്ഥനയിൽ ഓർക്കാം.

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് അതിന്റെ ഡയമണ്ട് ജൂബിലി ആഘോഷിച്ചു. ആറ് പതിറ്റാണ്ടുകൾ ടി സ്ഥാപനയിലൂടെ സഭയിലും സമൂഹത്തിലും ലഭിച്ച സംഭാവനകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ശീഘ്ര ഗതിയിൽ മാറ്റം മറിച്ചിലുകൾക്ക് വിധേയമാകുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ കോളജുകൾ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോയില്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ ഭൂപടത്തിൽ നിന്നുതന്നെ പിന്തള്ളപ്പെടും. ഇത് സഭ ആഗ്രഹിക്കുന്നില്ല എന്ന് കഴിഞ്ഞ മണ്ഡലയോഗത്തിൽ കേട്ട അഭിപ്രായങ്ങൾ വ്യക്തമാക്കുന്നു. കോളജുകൾ ഓട്ടോണമസ് സ്ഥാപനമായും പിന്നീട് ഡീംഡ് യൂണിവേഴ്സിറ്റിയായും മാറാനുള്ള വാതിൽ ദേശീയ വിദ്യാഭ്യാസ നയം തുറന്നിട്ടിരിക്കുകയാണ്. കൂടാതെ സ്വകാര്യ യൂണിവേഴ്സിറ്റികൾക്കും വിദേശ സർവ്വകലാശാലകൾക്കും രാജ്യത്ത് പ്രവർത്തിക്കാൻ അനുവാദവുമുണ്ട്. നമ്മുടെ കോളജുകൾക്കുള്ള അടുത്ത ചുവട് വയ്പ് ഓട്ടോണമസ് ആയി മാറുക എന്നതാണ്. അതിനു വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കണം. കാര്യക്ഷമമായ അധ്യാപനം, അച്ചടക്കം, ജോലിക്കും ഗവേഷണത്തിനും അനുയോജ്യമായ കോഴ്സുകൾ, ഉത്തരവാദിത്വത്തോടെയുള്ള പരീക്ഷ നടത്തിപ്പ്, സമയബന്ധിതമായ ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിൽ അക്കാദമിക് ഓട്ടോണമി നല്കുന്ന സ്വാതന്ത്ര്യം കലാലയത്തിന് പുരോഗതിയുണ്ടാക്കാൻ ഉതകുന്നതാണ്. മുമ്പ് നേടിയ യശസ്സ് കൊണ്ടു മാത്രം നമുക്ക് പുരോഗമിക്കാൻ കഴിയില്ല. ദേശീയമായി നടത്തുന്ന അവലോകനങ്ങളിൽ നമ്മുടെ കോളജുകൾക്ക് ഇപ്പോൾ ഇടം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് ചിന്തിക്കണം. വിജ്ഞാനം ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങളാണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സഭയ്ക്ക് ഏഴു ദശകത്തോളം പ്രവർത്തന പരിചയമുണ്ട്. കേരളത്തിലോ സംസ്ഥാനത്തിനു പുറത്തോ ഒരു സ്വകാര്യ സർവ്വകലാ

ശാല തുടങ്ങുന്നതിനാവശ്യമായ വിഭവങ്ങൾ കണ്ടെത്താനും സഭയ്ക്കു കഴിയണം. ആയതിലേക്കു കൂടി സഭയുടെ സവിശേഷമായ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. വേദശാസ്ത്ര അഭ്യസനത്തിനുള്ള നമ്മുടെ കോട്ടയം സെമിനാരിയും ഒരു നൂറ്റാണ്ടു പൂർത്തിയാക്കുന്നു. ഡിഗ്രി ഗ്രാൻറിംഗ് പദവിയിലുള്ള സ്വതന്ത്ര സ്ഥാപനമായി അതിനെ മാറ്റിയെടുക്കാനുള്ള ശ്രമം തുടങ്ങണം. ആർട്ടിഫിഷൽ ഇന്റലിജൻസ് മേഖല അനുനിമിഷം കരുത്താർജിക്കുകയാണ്. പത്തു വർഷത്തിനുള്ളിൽ എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കുമെന്നു മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെ സ്ഥാപനങ്ങളിൽ വേണ്ട മാറ്റം വരുത്താനും ആവശ്യമായ അടിസ്ഥാന ആലോചനകൾ ഉണ്ടാകണം. പഠനം കൊണ്ട് വിദ്യാർത്ഥിക്കും പൊതുസമൂഹത്തിനും പ്രയോജനം ലഭിക്കണം എന്ന ലക്ഷ്യത്തിനാകണം നാം ഊന്നൽ നൽകേണ്ടത്. അതിനായി വേണ്ടതു ചെയ്യുക എന്നതേ കരണീയമായിട്ടുള്ളൂ.

'എല്ലാവരും ഒന്നാകേണ്ടതിന്' എന്നുള്ള ക്രിസ്തുവിന്റെ ആഹ്വാനം സ്വീകരിച്ച് സകലരും ഏക കുടുംബമായി ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും വേണ്ടിയുള്ള ശ്രമമാണ് 1908 മുതൽ ആരംഭിച്ച യൂണിറ്റി ഒക്ടേവ് പ്രാർത്ഥനകൊണ്ട് ഉദ്ദേശിക്കുന്നത്. ലോകത്ത് ക്രൈസ്തവ ഐക്യം വളർത്തിയെടുക്കുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഐക്യ പ്രാർത്ഥനാ വാരം വിവിധ ഇടങ്ങളിൽ ക്രമീകരിക്കപ്പെട്ടു. ബെഥാന്യയിലെ മാർത്തയോട് യേശു ചോദിച്ച 'ഇത് നീ വിശ്വസിക്കുന്നുവോ' (യോഹ 11: 26) എന്ന ചോദ്യമായിരുന്നു ഇത്തവണ പ്രാർത്ഥനാവാരത്തിന്റെ ചിന്താവിഷയം. ഈ വിഷയം സമകാലിക പരിസരങ്ങളിൽ എപ്രകാരം നമ്മുടെ ജീവിതവുമായും സമൂഹവുമായും ബന്ധപ്പെട്ടിരിക്കുന്നു എന്ന് നാം ചിന്തിക്കണം. വിപരീത ശക്തികൾ പ്രബലമാകുന്ന സാഹചര്യങ്ങളിൽ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ശക്തിയിലും ക്രിസ്തു നമുക്ക് പ്രദാനം ചെയ്തിരിക്കുന്ന പ്രത്യാശയുടെ സന്തോഷത്തിലും നമുക്ക് വിശ്വസിക്കുവാൻ സാധിക്കുന്നുണ്ടോ എന്നതാണ് കാതലായ ചോദ്യം. അതാണ് നാം ഈ നാളുകളിൽ മനനം ചെയ്യേണ്ടത്.

ക്രിസ്താബ്ദം 2025 ക്രൈസ്തവ സഭാ ചരിത്രത്തിലെ സവിശേഷമായ ഒരു വർഷമാണല്ലോ. ക്രിസ്താബ്ദം 325 – ൽ ഇപ്പോഴത്തെ തുർക്കി രാജ്യത്തിൽ ഉൾപ്പെട്ട നിഖ്യായിൽ വെച്ചു കൂടിയ സഭാ പിതാക്കന്മാരുടെ കൗൺസിലാണ് നിഖ്യാ വിശ്വാസപ്രമാണത്തിലൂടെ യേശുക്രിസ്തുവിന്റെ ദൈവീക – മാനുഷിക ആളത്വങ്ങളുടെ വിശ്വാസ പ്രഖ്യാപനത്തെ സ്ഥിരീകരിച്ചത്. നിഖ്യായിൽ കൂടിയ ലോക ചരിത്രത്തിലെ ആദ്യത്തെ എക്യൂമെനിക്കൽ കൗൺസിൽ (The Council of Nicaea) ന്റെ 1700–ാമത് വാർഷികമാണ് 2025 ൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നത്. ഏഷ്യയിലെ വിവിധ ക്രൈസ്തവ സഭകളുടെ പ്രതിനിധികളും ഏഷ്യൻ ദൈവശാസ്ത്രജ്ഞരും മലേഷ്യയിലെ ക്വാലാലംപൂരിൽ വച്ച് കഴിഞ്ഞവർഷം ഒക്ടോബറിൽ ഒത്തുകൂടി 1700–ാം വാർഷികാഘോഷങ്ങൾക്ക് തുടക്കമിട്ടു. ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയും (CCA) ഏഷ്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ പൊതുവേദിയായ Federation of Asian Catholic Bishops' Conference (FABC) യും സംയുക്തമായി സംഘടിപ്പിച്ച Nicaea 1700 വാർഷിക ആഘോഷത്തിലും നിഖ്യാ വിശ്വാസപ്രമാണത്തിന്റെ കാലിക പ്രസക്തി ചർച്ച ചെയ്യുവാനും പഠിക്കുവാനും കൂടിയ ഏഷ്യയിലെ ദൈവശാസ്ത്രജ്ഞരുടെ ത്രൈവാർഷിക കോൺഗ്രസിലും ഞാൻ പങ്കെടുത്തിരുന്നു. നിഖ്യായിൽ എ.ഡി. 325–ൽ നടന്ന കൗൺസിലിന്റെ 1700–ാം വാർഷികം വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് (WCC) 2025 ഒക്ടോബറിൽ ഈജിപ്തിലെ അലക്സാണ്ഡ്രിയായിൽ വച്ച് Faith and Order കമ്മീഷന്റെ നേതൃത്വത്തിൽ "Where Now for Visible Unity" എന്ന ചിന്താവിഷയത്തെ അധികരിച്ച് നടത്തപ്പെടുന്നു. നിഖ്യാ വിശ്വാസ പ്രമാണത്തിന്റെ കാലിക പ്രസക്തി വിചിന്തനം ചെയ്യുന്നതിന് നമ്മുടെ സഭയുടെ ആഭിമുഖ്യത്തിൽ ഒരു ഏകദിന സെമിനാർ 2025 ഫെബ്രുവരി 7–ാം തീയതി കോട്ടയം മാർത്തോമ്മാ വൈദീക സെമിനാരിയിൽ വെച്ച് ക്രമീകരിച്ചിരിക്കുന്നു. നിഖ്യാവിശ്വാസപ്രമാണം നാം ആവർത്തിച്ച് ഉരുവിടുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന അവസരങ്ങളൊക്കെയും ത്രിയേക ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ ദൃഢീകരണം ആവർത്തിച്ചു ഉറപ്പാക്കുന്നതിനുള്ള ക്ഷണമാണ്, അനുസ്മരണമാണ്. ത്രിയേക ദൈവത്തിലുള്ള ആചഞ്ചലമായ വിശ്വാസം പ്രഖ്യാപിക്കുന്നതിനും, വിഭാഗീയതകൾക്കതീതമായി സാക്ഷ്യത്തോടെയും ഐക്യത്തോടെയും ദൗത്യ നിർവ്വഹണത്തിൽ പങ്ക് ചേരുന്നതിനും എല്ലാ ക്രൈസ്തവരെയും സഭാവിഭാഗങ്ങളെയും ഈ ആഘോഷ–അനുസ്മരണ നാളുകൾ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നിലയ്ക്കൽ എക്യൂമെനിക്കൽ പ്രസ്ഥാനത്തിന്റെ റൂബി ജൂബിലിയോടനുബന്ധിച്ച് കേരളത്തിലെ വിവിധ ക്രൈസ്തവ സഭകളിലെ സെമിനാരി വിദ്യാർത്ഥികൾക്കായി (ദൈവശാസ്ത്ര വിദ്യാർത്ഥികൾ) ജനുവരി 22 ബുധനാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4.30 വരെ കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയിൽ വെച്ച് ഒരു ദൈവശാസ്ത്ര കോൺഫറൻസ് ക്രമീകരിച്ചു. Confessing our common faith: Problems and Prospects in Mission എന്നതായിരുന്നു പൊതുവായ ചർച്ചാവിഷയം. അന്യോന്യം ഐക്യത്തിന്റെ ആത്മാവിൽ സമൂഹത്തിൽ സാക്ഷ്യം വഹിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. സഭകൾ തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും പ്രാദേശിക തലങ്ങളിൽ ക്രിസ്തുവിലുള്ള ഐക്യം സാക്ഷ്യപ്പെടുത്തുന്നതിനും ദൗത്യനിർവ്വഹണത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും സഹായകരമായ പരിപാടികൾ ആവിഷ്കരിക്കുന്നതിന് വൈദീക വിദ്യാർത്ഥികളെ ഒരുക്കുക എന്നതായിരുന്നു ഈ കൂടിവരവിന്റെ ലക്ഷ്യം. ഏകദേശം 400 വൈദിക വിദ്യാർത്ഥികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

ശാസ്ത്ര–സാങ്കേതിക മേഖലയിൽ ദേശീയ–അന്തർദ്ദേശീയ മികവ് തെളിയിച്ചിട്ടുള്ളവർക്ക് മാർത്തോമ്മാ സഭ

യുടെ ആഭിമുഖ്യത്തിലുള്ള പതിനാറാമത് മേല്പാടം ആറ്റുമാലിൽ ജോർജ്കുട്ടി മെറിറ്റ് അവാർഡ് നമ്മുടെ തൃശൂർ മാർത്തോമ്മാ ഇടവകാംഗവും മൃഗസംരക്ഷണ പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ഡോ. ശോശാമ്മ ഐപ്പിന് നൽകി. യുവശാസ്ത്രജ്ഞർക്കുള്ള അവാർഡുകളും സമർത്ഥരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുള്ള 'ജോർജ് സ്കോളർ' സ്കോളർഷിപ്പ്, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കുള്ള സാറാമ്മ ജോൺസ് സ്കോളർഷിപ്പ് എന്നിവയും നൽകി. ജീവകാരുണ്യ സ്ഥാപനത്തിനുള്ള പി. എസ്. ജോർജ് ഉപഹാരം കാട്ടാക്കട വയോജന മന്ദിരത്തിന് സമ്മാനിച്ചു. അവാർഡ് ജേതാക്കൾക്കളെ അഭിനന്ദിക്കുകയും ആറ്റുമാലിൽ കുടുംബാംഗങ്ങളോടുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.

സഭാ ഭരണഘടനയുടെ സമഗ്ര പരിഷ്ക്കരണത്തെ തുടർന്ന് പുതിയ ഭരണഘടന ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചു. മാർത്തോമ്മാ സഭാ ബുക്ക് ഡിപ്പോയിൽ ഭരണഘടനയുടെ പ്രതികൾ ലഭ്യമാണ്. ഇംഗ്ലീഷ് ഭരണഘടനയിലെ ഭാഷയോ പ്രയോഗമോ സംബന്ധിച്ച് എന്തെങ്കിലും അവ്യക്തത ഉണ്ടായാൽ മലയാളം ഭരണഘടന ആയിരിക്കും പരിഗണിക്കുന്നത്.

നമ്മുടെ പാലക്കാട് ക്രിസ്തുദാസ ആശ്രമം ആചാര്യ സിസ്റ്റർ പി. എസ്. മേരിക്കുട്ടി നിര്യാതയായി. ജനുവരി 23-ാം തീയതി അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പായുടെ മുഖ്യ കാർമ്മികത്വത്തിൽ കുഴൽമന്ദം എബനേസർ മാർത്തോമ്മാ ഇടവക സെമിത്തേരിയിൽ ശവസംസ്ക്കാരം നടത്തപ്പെട്ടു. ആശ്രമ ജീവിതത്തിലൂടെ സഭയുടെ സാക്ഷ്യം ശക്തിപ്പെടുത്തിയ മേരിക്കുട്ടി സിസ്റ്ററുടെ ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, വേർപാടിൽ ദുഖാർത്ഥരായ എവരോടുമുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

മാരാമൺ കൺവൻഷൻ പ്രസംഗകരെ ക്ഷണിക്കുന്നത് സംബന്ധിച്ച ചില വാർത്തകൾ സാമൂഹ്യ/പത്ര മാധ്യമങ്ങൾ വഴി പ്രചരിക്കുകയുണ്ടായല്ലോ. സഭയുടെ കീഴ്വഴക്കം അനുസരിച്ച് മാരാമൺ കൺവൻഷൻ പ്രസംഗകരെ ക്ഷണിക്കുന്നത് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അനുമതിയോടെ മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘമാണ്. യുവവേദിക്കുള്ള പ്രസംഗകരെ ക്ഷണിക്കുന്നത് മെത്രാപ്പോലീത്തായുടെ അനുമതിയോടെ മാർത്തോമ്മാ യുവവേദി കമ്മിറ്റിയുമാണ്. ഔദ്യോഗികമായി ക്ഷണിച്ച ആരേയും ഒഴിവാക്കിയിട്ടില്ല. മറിച്ചുള്ള അഭ്യൂഹങ്ങൾ അവാസ്തവമാണ്. തെറ്റായ പ്രചരണങ്ങൾ പൊതുസമൂഹത്തിൽ അവമതിപ്പിനും, ചേരിതിരിവിനും കാരണമാകും എന്ന് തിരിച്ചറിഞ്ഞ് അതിൽ നിന്നും ഒഴിഞ്ഞിരിക്കണമെന്ന് ഏവരെയും ഉദ്ബോധിപ്പിക്കുന്നു. കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാകുന്നുവെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഫെബ്രുവരി മാസത്തിലെ ആരാധനാ ധ്യാനവിഷയങ്ങൾ യേശുക്രിസ്തുവിലൂടെ മനുഷ്യർ അനുഭവിക്കുന്ന സംപൂർണതയെ അനുസ്മരിക്കുന്നവയാണ്. ഫെബ്രുവരി 2 ഞായറാഴ്ച 'സമ്പൂർണ സൗഖ്യദായകനായ യേശു'വിനെ സഭ ധ്യാനിക്കുന്നു. കേവലം ശാരീരിക സൗഖ്യത്തിലും ഉപരിയായ സമഗ്ര സൗഖ്യമാണ് കർത്താവു നൽകുന്നത്. വിശ്വാസമാണ് സൗഖ്യത്തിന്റെ ആധാരം. കാര്യസാധ്യത്തിനു വേണ്ടിയുള്ള വിശ്വാസമല്ല, സൗഖ്യത്തിനു മുഖാന്തിരമായ വിശ്വാസം ആയുഷ്പര്യന്തം പിടിച്ചു കൊള്ളുന്നതാണ് സമ്പൂർണ സൗഖ്യത്തിനു കാരണമാകുന്നത്.

ഫെബ്രുവരി 9 ഞായറാഴ്ച, ഉൽകൃഷ്ടമായ ദൈവിക സൃഷ്ടി എന്ന വിഷയം നാം ധ്യാനിക്കുന്നു. സർവ പ്രപഞ്ചത്തിന്റെയും സ്രഷ്ടാവായ ദൈവത്തിനു ആരുടെയും സഹായവും ഉപദേശവും ആവശ്യമില്ല. എന്നാൽ അവിടുന്ന്, തന്റെ ഹിതം തന്റെ സ്വരൂപം പേറുന്ന മനുഷ്യരുമായി ദൈവം പങ്കുവക്കുന്നു. ഭൗതിക ആവശ്യങ്ങളെക്കുറിച്ചുള്ള വിചാരങ്ങൾക്കപ്പുറം, സ്വർഗ്ഗസ്ഥ പിതാവിനെ ധ്യാനിക്കുവാനും അറിയുവാനും മനുഷ്യർക്കു കഴിയണം. ഈ ഉൽകൃഷ്ടതയിൽ നിലനിൽക്കാൻ ആഹ്വാനം ചെയ്യുന്ന ദൈവ വചനത്തെ ഉൾകൊള്ളുവാൻ നമുക്കുകഴിയട്ടെ.

ഫെബ്രുവരി 16 ഞായറാഴ്ച, ദൈവരാജ്യ അനുഭവത്തിലൂടെ സമൃദ്ധമായ ജീവൻ അനുഭവിക്കുന്നതിനെക്കുറിച്ച് സഭ ധ്യാനിക്കുന്നു. ദൈവ സ്വരൂപത്തിൽ മെനയപ്പെട്ട മനുഷ്യനു ദൈവബന്ധത്തിൽ മാത്രമേ ജീവിത സാഫല്യം ഉണ്ടാകുകയുള്ളൂ. ദൈവത്തിലുള്ള എല്ലാ നിറവിനോളവും നിറഞ്ഞു വരാനുള്ള ഭാഗ്യം മനുഷ്യർക്കുനൽകപ്പെട്ടിരിക്കുന്നു. കർത്താവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നവർ, കർത്താവിന്റെ രാജ്യത്തിന്റെ വിശാലതയ്ക്കും പൂർത്തീകരണത്തിനുമായി ജീവിതം സമർപ്പിച്ചവരാണ്. അതുന്നെയാണ് ജീവിത സൗഭാഗ്യം. ശമര്യക്കാരിയെപ്പോലെ, ജീവിത പുതുക്കവും ഉണർവും കണ്ടെത്താൻ, യേശുവിനോടുള്ള അഭിമുഖീകരണം നമുക്കും സഹായകരമാക്കി തീരട്ടെ.

ഫെബ്രുവരി 23 ഞായറാഴ്ച, ദൈവരാജ്യ അനുഭവത്തിലെ ജീവിത ക്രമീകരണം എന്ന വിഷയം ധ്യാനിക്കുന്നു. ദൈവം മുൻകൈ എടുത്തു വീണ്ടെടുക്കുമ്പോൾ, ദൈവജനം, അതിനോടു പ്രതികരിച്ചു തങ്ങളുടെ നടപ്പുകൾ ക്രമീകരിക്കേണ്ടതുണ്ട്. തന്റെ ഭവനത്തിലേക്കു യേശു വന്നപ്പോൾ സക്കായി, ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ ശ്രദ്ധേയമായിരുന്നു. വചനത്തോടും ദൈവ സാന്നിധ്യത്തോടും ക്രിയാത്മകമായി പ്രതികരിക്കുന്നതിലൂടെ മാത്രമേ ജീവിതം അർത്ഥപൂർണ്ണമാവുകയുള്ളൂ. അതിനു ദൈവം നമ്മെ എല്ലാവരെയും സഹായിക്കുമാറാകട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius Malabar

പൂലാത്തീൻ
27.01.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**